**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**23 November 2018**

**14 Rabi’ul Awwal 1440 AH**

**(At Tenkasi, Tamil Nadu – India)**

# “Wilayat in the Context of Islam”.

## ഇസ്ലാമിക് പശ്ചാത്തലത്തിൽ-വിലായത്തിനെ - പരിചയപ്പെടുത്തുന്നു.

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഇസ്ലാമിക് പശ്ചാത്തലത്തിൽ -വിലായത്തിനെ - പരിചയപ്പെടുത്തുന്നു.** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇന്ത്യാസന്ദർശനവേളയിൽ തമിഴ്നാട്ടിലെ തെങ്കാശിയിൽ വെച്ച്, ഇന്ന് വെള്ളിയാഴ്ച ദിവസം നിങ്ങളെ അഭിസംബോധന ചെയ്തു സംസാരിക്കുവാൻ എനിക്ക് അതിയായ ആഗ്രഹമുണ്ട്, സന്തോഷമുണ്ട്. ഇസ്ലാമിന്റെ വീക്ഷണത്തിൽ വിലായത്തിന്റെ സ്ഥാനം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ഇന്ന് ഞാൻ സംസാരിക്കുവാൻ ഉദ്ദേശിക്കുന്നത്.

നിങ്ങൾക്കെല്ലാപേർക്കും അറിയാവുന്നതുപോലെ, അല്ലാഹു(ത) അവന്റെ അനന്തമായ അനുഗ്രഹത്താൽ ലോകത്ത് നന്മകൾ വിതറുവാൻ അവന്റെ പ്രതിനിധിയെ അയച്ചിരിക്കുന്നു. തിന്മയുടെ കരാളഹസ്തങ്ങളിൽ നിന്നും ലോകത്തെ രക്ഷിക്കുന്നതിനായി. ഈ നടപടിക്രമം അവൻ മുൻകാലങ്ങളിൽ മാത്രമല്ല നടപ്പിലാക്കിയിട്ടുള്ളത് എന്ന് നാം മനസ്സിലാക്കണം. ഈ ലോകം സൃഷ്ടിച്ചതു മുതൽ മനുഷ്യാ

വാസം ഉണ്ടായതു മുതൽ അവന്റെ സൃഷ്ടികളെ നേർവഴിയിൽ നടത്തുവാനുള്ള ക്രമീകരണങ്ങളും തുടങ്ങിയതാണ്. അതുതുടർന്നു കൊണ്ടിരിക്കുന്ന ഒരു നടപടി ക്രമമാകുന്നു. അല്ലാഹു(ത) അവൻ തെരഞ്ഞെടുക്കുന്ന പ്രതിനിധികൾക്കു നല്കുന്ന അനേകം പദവികളിൽ ഒന്നാണ് വിലായത്ത്.

വിലായത്ത് എന്ന വാക്കിന്റെ അർത്ഥം ദൈവസാമീപ്യം അതായത് സമീപസ്ഥിതി. വലിയ എന്ന അറബിവാക്കിന്റെ അർത്ഥം സ്നേഹിതനാവുക, സ്നേഹിക്കുക, തൊട്ടടുത്താവുക, തൊട്ടടുത്തു സ്ഥിതി ചെയ്യുക, വിടാതെ പിന്തുടരുക എന്നൊക്കെയാകുന്നു. അപ്പോൾ വിലായത്ത് എന്ന് പറഞ്ഞാൽ സ്നേഹിതനായി മാറലാകുന്നു. ഇസ്ലാമിക വീക്ഷണത്തിൽ, അവന്റെ സൃഷ്ടാവുമായും പ്രവാചകവരേണ്യനായ, മനുഷ്യകുലോത്തമനായ, എല്ലാ പ്രവാചകന്മാരിലും മേലെ ആയ പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ)യുമായി അടുപ്പത്തിലാവുക എന്നാകുന്നു. പൊതുവെ പറഞ്ഞാൽ ദൈവീക സാമീപ്യം അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള സാമീപ്യം എന്നാണ് വിവക്ഷിതം. എന്നാൽ ഇസ്ലാമിക കാഴ്ചപ്പാടിൽ വിലായത്തു അല്ലാഹുമായും അവന്റെ ശ്രേഷ്ഠ പ്രവാചകനായ മുഹമ്മദ്(സ)യുമായുള്ള സാമീപ്യമാകുന്നു. ശരീഅത്ത് അനുസരിച്ച് ഇതാകുന്നു വിലായത്ത് അല്ലെങ്കിൽ വിലായത്ത് എന്നതുകൊണ്ടർത്ഥമാക്കുന്നത്.!

വിലായത്തിന്റെ നിർവ്വചന പ്രകാരം എല്ലാ വിശ്വാസികളും വലിമാരാകുന്നു. സൃഷ്ടാവ് അവരുടെ വലിയ്യാകുന്നു. അവരെ അവൻ അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു.

വിലായ: നിർവ്വചനങ്ങളിൽ നിന്നും മനസ്സിലാക്കേണ്ട ഒരു കാര്യം, സൃഷ്ടാവുമായി പ്രത്യേകരീതിയിലുള്ള ഒരു സമീപനം ഉന്നതനിലവാരത്തിലുള്ള ഒരു സാമീപ്യം അവ്ലിയാക്കന്മാർക്ക് മാത്രമായി നിഷ്ക്കർഷിച്ചിരിക്കുന്നു. അവ്ലിയാക്കന്മാർക്ക് അഥവാ അല്ലാഹു

വിന്റെ സ്നേഹിതർ. ഇസ്ലാമിലെ സൂഫിവര്യന്മാർ, യഥാർത്ഥ വിശ്വാസികൾ അല്ലാഹു(ത)യുമായി അടുപ്പത്തിലായിരിക്കും. എന്നാൽ അവ്ലിയാക്കന്മാർക്ക്, അല്ലാഹുമായി പ്രത്യേക രീതിയിലുള്ള ഒരു അടുപ്പവും സാമീപ്യവും ഉണ്ടായിരിക്കും. അത്തരം അവസ്ഥയിലായിലേക്ക് എത്തിച്ചേരുവാൻ എല്ലാവർക്കും എളുപ്പമായിരിക്കില്ല. (അതായത് അല്ലാഹുമായുള്ള സാമീപ്യം) പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ)യുമായി പ്രത്യേക അടുപ്പവും സ്നേഹവും സ്ഥാപിക്കാതെ യഥാർത്ഥമായി വിലായത്തു സ്ഥാപിക്കുമ്പോൾ സാധിക്കുകയില്ല. ഖാത്തമുത്തബീയ്യീനുമായുള്ള പരസ്പരാകർഷണത്തിലൂടെയല്ലാതെ ഒരു വലിയ്യ് ആയിതീരുവാൻ സാധിക്കുകയില്ല. പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ)നെ ഒരു മാതൃകയായി സ്വീകരിക്കുന്നവർക്ക് നല്ല നിലവാരത്തിലുള്ള ഒരു വലിയ്യ് ആയിതീരാം.

എല്ലാ നിലയിലും പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) സമ്പൂർണ്ണ മാതൃകയാണ്. ഈ പ്രഭാഷണത്തിലൂടെ അതു മുഴുവൻ വിവരിക്കുവാൻ സാധിക്കുകയില്ല. എന്നാൽ ഒരുദാഹരണം മാത്രം ഞാൻ പറയാം. പ്രവാചകത്വ വാദം ഉന്നയിക്കുന്നതിന് മുമ്പ് 40വർഷക്കാലം പ്രവാചകൻ (സ) മക്കയിൽ താമസിക്കുകയും സത്യനിഷേധികളും (അവിശ്വാസികളും) വിഗ്രഹാരാധകരും മറ്റു പൗരന്മാരും അദ്ദേഹത്തിന് രണ്ട് സ്ഥാനപേരുകൾ നല്കുകയുണ്ടായി.

1. അൽ അമീൻ (വിശ്വസ്തൻ)
2. അസ്സ്വാദിഖ് (സത്യം മാത്രം പറയുന്നവൻ) അദ്ദേഹത്തെ പരിചയമുള്ളവരും പരിചയമില്ലാത്തവരും അദ്ദേഹത്തിന് ചാർത്തിക്കൊടുത്ത രണ്ടു മുഖമുദ്രകളായിരുന്നു. പരിശുദ്ധപ്രവാചകൻ(സ) ഈ സമുന്നതമായ രണ്ട് സ്ഥാനപ്പേരുകൾ സ്വന്തമാക്കിയത്. അദ്ദേഹത്തിന്റെ ജീവിതരീതിയിലൂടെയും വ്യക്തിത്വത്തിലൂടെയുമായിരുന്നു. തന്റെ പ്രവർത്തനത്തിലൂടെ, ഈ രണ്ടു ഗുണങ്ങൾ തന്നിൽ സമ്പൂർണ്ണമാക്കുകയായിരുന്നു.

ഇപ്പോൾ നമ്മുടെ മുമ്പിൽ വരുന്ന ചോദ്യം ഇതാണ്. സമ്പൂർണ്ണവ്യക്തിത്വവും വിലായത്തും തമ്മിൽ എന്താണ് ബന്ധം? ഉത്തരം ഇതാണ്. പരിശുദ്ധപ്രവാചകൻ (സ)യുമായി നാം സ്ഥാപിക്കുന്ന ഉത്തമബന്ധത്തിലൂടെ, അദ്ദേഹത്തിന്റെ വ്യക്തിത്വം നമ്മുടെ ഉള്ളിൽ സ്വാംശീകരിക്കുന്നതിലൂടെ അദ്ദേഹത്തിന്റെ സാമീപ്യം ഇവ നേടുന്നതിലൂടെ നമുക്കും വലിയ്യ് ആയിതീരാം. പരിശുദ്ധപ്രവാചകൻ(സ)യെ മാതൃകയായി സ്വീകരിക്കുന്നവർ, അവർ വിലായത്തിന്റെ പദവിയിലേക്ക് എത്തിച്ചേരുന്നു.

കഴിഞ്ഞനൂറ്റാണ്ടിൽ വാഗ്ദത്തമഹ്ദിയായും മസീഹായും വന്ന ഹസ്രത് മിർസാഗുലാം അഹ്മദ് (അ) വിലായത്തിന്റെ ഒരു സമ്പൂർണ്ണ മാതൃകയാണ്. അദ്ദേഹം അല്ലാഹുവിനെ മാത്രമല്ല സ്നേഹിച്ചിരുന്നത്. മറിച്ച് ഖാത്തമുന്നബ്ബിയ്യീൻ ആയ പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) നോട് അതിയായ സ്നേഹവും ആദരവും പ്രകടിപ്പിച്ചിരുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) നോട് സാമ്യപ്പെടാതെ അദ്ദേഹത്തിന് അവ്‌ലിയാക്കന്മാരുടെ പദവിയിലേക്ക് എത്തിച്ചേരുവാൻ കഴിയുമായിരുന്നില്ല. ഇസ്ലാമിലെ മസീഹ്, മഹ്ദി, പ്രവാചകൻ എന്നീ പദവികളിലെത്തിച്ചേർന്നത് ഈ സാമ്യത്തിലൂടെയാണ്. ഹസ്രത് മുഹമ്മദ് (സ)നോടുള്ള സ്നേഹവും വിശ്വാസവുമില്ലാതെ, അല്ലാഹു(ത) അദ്ദേഹത്തെ ഒരിക്കലും ഖാത്തമുന്നബിയ്യീന്റെ പ്രതിബിംബമായി ഉയർത്തുമായിരുന്നില്ല.

നാം പ്രത്യേകം മനസ്സിലാക്കേണ്ട ഒരു കാര്യം, ഒരു പ്രതിരൂപം അഥവാ പ്രതിബിംബം ഒരിക്കലും യഥാർത്ഥ വസ്തുവല്ല, അല്ലെങ്കിൽ ചോദ്യം ചെയ്യപ്പെടേണ്ട വ്യക്തിയല്ല. കണ്ണാടിയിൽ പ്രതിബിംബിക്കുന്ന രൂപവും യഥാർത്ഥ രൂപവും വ്യക്തിയും ഒന്നല്ല. ഒരു കണ്ണാടിയിൽ വീണ്ടും പ്രതിബിംബിക്കുന്ന യഥാർത്ഥ രൂപം, അതൊരിക്കലും യഥാർത്ഥരൂപമല്ല. വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ)മും പരിശുദ്ധപ്രവാചകൻ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യു

മായുള്ള താരതമ്യം ഇപ്രകാരമാണ്. മുഹമ്മദ് മുസ്തഫ(സ)യുടെ പ്രവാചകത്വത്തിന്റെ സമ്പൂർണ്ണത അദ്ദേഹം നേടിയത്, ഒരു പ്രതിബിംബം എന്ന നിലയിൽ മാത്രമാണ്. അദ്ദേഹവും ഇസ്ലാമിലെ മറ്റെല്ല മസീഹാരും, പ്രവാചകന്മാരും കാലാവസാനം വരെയും പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ)യുടെ പ്രവാചകത്വത്തിന്റെ പ്രതിബിംബങ്ങൾ മാത്രമായിരിക്കും. അതൊരിക്കലും ഒറിജിനൽ ആയിരിക്കില്ല. ഒറിജിനൽ മുഹമ്മദ് മുസ്തഫ(സ) തന്നെ ആയിരിക്കും.

ആത്മീയ സന്താനങ്ങൾക്ക് ജന്മം നല്കുന്ന പിതാവും, പ്രവാചകനുമാണ് പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ). അദ്ദേഹത്തിന്റെ പദവിയ്ക്കു കോട്ടംതട്ടാത്ത പ്രവാചകന്മാർക്കും ജന്മം നല്കുന്ന ഖാന്നമുന്നബിയ്യീനുമാകുന്നു. വിലായത്ത് കൊണ്ടർത്ഥമാക്കുന്നത് ഇതാകുന്നു. അല്ലാഹുവിനെയും ഈ പ്രവാചകനെയും എത്തിപ്പിടിക്കാതെ, നമുക്കൊരിക്കലും വിലായത്ത് എന്ന സ്ഥാനം എത്തിപ്പിടിക്കുവാൻ കഴിയില്ല. വിലായത്തിലെ ഉയർന്ന മറ്റു പദവികളായ മിസിഹ, ഖലീഫത്തുല്ലാഹ്, റസൂലുല്ലാഹ് തുടങ്ങിയവും! ഞാനിത് പറയുന്നത് എല്ലാ പ്രവാചകന്മാരും, മസീഹ്മാരും, ഇസ്ലാമിക പരിഷ്ക്കർത്താക്കളും അവ്ലിയാക്കന്മാരാകുന്നു. എന്നാൽ എല്ലാ അവ്ലിയാക്കന്മാരും പ്രവാചകന്മാരല്ല, മസീഹ്മാരല്ല, ഖലീഫത്തുല്ലാഹ്മാരുമല്ല.

ദൈവീക വെളിപാടിലൂടെ , ഈദുൽഅദ്ഹാ പ്രഭാഷണവേളയിൽ, സമ്പൂർണ്ണമായും അറബിയിൽ അവതരിച്ചത്, 1990 ഏപ്രിൽ 11ന് അല്ലാഹു(ത) അദ്ദേഹത്തിന് ഹസ്രത് മിർസാഗുലാം അഹ്മ്ദ്(അ)ന് വിലായത്തിന്റെ പരമോന്നതസ്ഥാനമായ ഖാത്തമുൽ അവ്ലിയാഅ് എന്ന പദവി നല്കി അനുഗ്രഹിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കാലഘട്ടത്തിലും, അദ്ദേഹത്തിനുശേഷം വരുന്ന കാലഘട്ടങ്ങളിലും വരുന്ന എല്ലാ സൂഫിവര്യന്മാരും, പ്രവാചകന്മാരും, മസീഹ്മാരും, അദ്ദേഹത്തിൽ വിശ്വസിക്കുന്നവരും, അദ്ദേഹത്തിന്റെ സത്യതയിൽ അഭിമാനിക്കുന്നവരുമായിരിക്കും. ഇതൊരു മാലപോലെയാണ്. പരസ്പരം ബന്ധിതമാണ്.

അങ്ങനെ അതൊരു മനോഹരമാലയാകുന്നു. അതിന്റെ നടുവിൽ മനോഹാരിത പകർന്ന് ഒരു ചുട്ടിയായി പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)കുടികൊള്ളുന്നു. പ്രസ്തുത മാലയ്ക്ക് സൗന്ദര്യവും മനോഹാരിതയും പകർന്നുനല്കികൊണ്ട് അത് പരിലസിക്കുന്നു.

വാഗ്ദത്ത് മസീഹ്(അ) ദൈവീക വെളിപാടിലൂടെ പറഞ്ഞു. സൂഫിവര്യന്മാരുടെ ശൃംഖല അവസാനിപ്പിക്കുന്നവനാണ് ഞാൻ, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)പ്രവാചകത്വ ശൃംഖല അവസാനിപ്പിച്ചതുപോലെ ! അദ്ദേഹം ഖാത്തമുൽ അമ്പിയാഉ ആകുന്നു. എനിക്ക് ശേഷം, എന്നിലൂടെയല്ലാതെ ഒരു വലിയ്യും വരില്ല. എന്റെ കരാറിൻ പടിയുള്ള പ്രതിജ്ഞയിലൂടെയല്ലാതെ!

എല്ലാ സത്യാന്വേഷികൾക്കും വളരെ പ്രധാനപ്പെട്ട ഒരു ദൈവീക പ്രസ്താവനയാണിത്, ഇതിലൂടെ നല്കപ്പെട്ടിരിക്കുന്നത്. നോക്കൂ! ഒരു വശത്ത്, മുഹമ്മദൻ സമുദായം, പ്രവാചകത്വത്തിന്റെ വാതിൽ മൊത്തത്തിൽ അടച്ചുകളഞ്ഞു. അവസാനത്തെ പ്രവാചകനാണ് എന്ന പദാർത്ഥത്തിലൂടെയുള്ള അവരുടെ അഭിപ്രായപ്രകാരം ! ഇസ്ലാമിന്റെ നിർമ്മാണത്തിലെ അവസാന ഇഷ്ടിക. ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യുടെ പദവി അവിടെ പരിമിതപ്പെടുത്തി. അതുപോലെ വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ന്റെ, അഹ്മദിയ്യാ സമുദായത്തിന്റെ, ലോകത്തിലെ മുഴുവൻ ആളുകളും വിശിഷ്യാ ഈ നൂറ്റാണ്ടിൽ, ഒരു പ്രബോധനം ആരംഭിച്ചിരിക്കുകയാണ്. വാഗ്ദത്തമസീഹ് അവസാനത്തെ മസീഹാണ്. പ്രവാചകനാണ് അദ്ദേഹത്തിന് ശേഷം ഒരു മസീഹുമില്ല. ഇപ്പോൾ നോക്കൂ! ഖുത്തുബ : ഇൽഹാമിയ്യായിലെ ഈ വെളിപാടിലേക്ക് നോക്കു, അത് വ്യക്തമായും നമ്മോട് പറയുന്നു. മുഹമ്മദ് മുസ്തഫ(സ) ഖാത്തമുന്നബിയ്യീൻ ആയതുപോലെ, അദ്ദേഹത്തോടുള്ള സ്നേഹത്താലും സാമ്യത്താലും ഹസ്രത് മിർസാഗുലാം അഹ്മദ് (അ) വിലായത്തിന്റെ പരമോന്നതിയിൽ എത്തിചേരുകയും, പ്രതിബിംബ പ്രവാചകനാവുകയും ചെയ്തു. അതുപോലെ

പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യുടെ കാലടികൾ പിന്തുടരുന്നവൻ, അവനും വലിയ്യ് എന്ന സ്ഥാനം ലഭിക്കുന്നതാണ്. ഇത് കൊണ്ടർത്ഥമാക്കുന്നത് വാഗ്ദത്ത മസീഹ്(അ)ഏറ്റവും വലിയ വലിയ്യ് അദ്ദേഹത്തിന്റെ കാലത്ത് ആയിരുന്നതുപോലെ, വരും കാലങ്ങളിലും അപ്രകാരമായിരിക്കുന്നതാണ്. അദ്ദേഹം ഖാത്തമുൽ അവ്‌ലിയാഅ് ആകുന്നു. തീർച്ചയായും അദ്ദേഹത്തിന്റെ കാലടിപാതകൾ പിന്തുടരുന്നവരെ, അത്തരം ആളുകളെ, അവൻ(അല്ലാഹു) അവന്റെ വലിയ്യ്മാരായി ഉയർത്തുകയും ഇത്തരം വലിയ്യുമാരിൽ നിന്ന് പ്രവാചകന്മാരും വാഗ്ദത്തപരിഷ്ക്കർത്താക്കളും ഉണ്ടാകുന്നതാണ്. വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്ത പ്രകാരവും, വിശുദ്ധനബികരീം (സ)യും വാഗ്ദനാം ചെയ്തപ്രകാരവും, വിശുദ്ധനബികരീം(സ) തറപ്പിച്ചു പറഞ്ഞതു പ്രകാരവും, മുജദ്ദിദ്മാരും, മസീഹ്മാരും, മഹ്ദിമാരും, ഖലീഫത്തുല്ലാഹ്മാരും ഉണ്ടാകുന്നതാണ്. വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ്(അ)ന്റെ പ്രവചനങ്ങളും വിശ്വാസങ്ങളും ഇങ്ങനെ തന്നെ ആയിരുന്നു.

ഞാൻ പറയുന്നു, തെങ്കാശിയിലെ ഈ വിശാലമായ ഭാരത്തിലെ എന്റെ ഏറ്റവും പ്രീയഅനുചരന്മാരെ! ലോകമെങ്ങുമുള്ള അനുചരന്മാരെ ! ഞാൻ ഈ നൂറ്റാണ്ടിലെ വാഗ്ദത്തമസീഹ് ആകുന്നു. എന്നെ അങ്ങനെ അഭിസംബോധന ചെയ്തത് ഏകനായ അല്ലാഹു ആകുന്നു. പുതിയ ശരീഅത്തില്ലാത്ത പ്രവാചകത്വ മേലങ്കി എന്നെ അവൻ അണിയിച്ചിരിക്കുന്നു. ഞാൻ ആവർത്തിച്ചു പറയുന്നു ഞാൻ പുതിയ ശരിഅത്ത് ഇല്ലാത്ത ഒരു പ്രവാചകൻ മാത്രമാകുന്നു. ഇസ്ലാം എന്റെ മതമാകുന്നു. ഖുർആൻ-ദൈവീകകല്പന -എന്റെ ഗ്രന്ഥമാകുന്നു. അബ്ദുല്ലായുടെ മകൻ ഹസ്രത് മുഹമ്മദ്(സ) എന്റെ പ്രവാചകനാകുന്നു. അല്ലാഹുമായും, പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ)മായും എനിക്കു ബന്ധമില്ലാതെ, ഞാനൊന്നുമല്ല. വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (സ)യുമായി അനുസരണ പ്രതിജ്ഞയില്ലാതെ,

എനിക്ക് മസീഹായി അവകാശപ്പെടുവാൻ അർഹതയില്ല. കാരണം അദ്ദേഹം ഇസ്ലാമിക മസീഹമാരുടെ പിതാവാകുന്നു. ഞാൻ അദ്ദേഹത്തിന്റെ ആത്മീയസന്താനമാകുന്നു. അല്ലാഹു(ത) എന്നെ ഈ നൂറ്റാണ്ടിലേക്ക് നിയോഗിച്ചിരിക്കുന്നു. റൂഹുൽഖുദ്സുമായി ഞാൻ നിയോഗിതനായിരിക്കുന്നു. അവനിലേക്ക് (അല്ലാഹുവിലേക്കുള്ള) വഴി നിങ്ങൾക്ക് കാണിക്കുവാനായി.

തീർച്ചായയും, അല്ലാഹു(ത) 2003 ഏപ്രിൽ 7ന് എനിക്ക് ഈ വെളിപാട് നല്കുകയുണ്ടായി. സുദീർഘമായ വെളിപാടിൽ നിന്നും നിങ്ങളുടെ ആത്മീയ അറിവിലേക്ക് അവ പരിപോഷിപ്പിക്കുവാനായി ചിലത് മാത്രം ഇവിടെ ഉദ്ധരിക്കുന്നു.

അല്ലയോ ! മുനീർ അഹ്മദ് അസീം ! ഈ നൂറ്റാണ്ടിലെ മുഹ്യിദ്ദീൻ! നിങ്ങളുടെ സമ്മേളനങ്ങളിൽ പ്രവാചകന്മാർ മാത്രമല്ല. പരിശുദ്ധപ്രവാകൻ മുഹമ്മദ്(സ)തന്നെ ഹാജരാകുന്നതാണ്. നിങ്ങളുടെ പരിശുദ്ധപ്രവാചകന്റെ പദവി അതിർത്തി ഇല്ലാത്തതാകുന്നു. ഓ! അസീം! ഈ കാര്യത്തെ സമ്പൂർണ്ണമായി വിവരിക്കുന്നത് നിങ്ങളാകുന്നു. നിങ്ങളുടെ അനുചരന്മാരിൽ അനേകർ ഖുത്തുബ് എന്നപദവിയും നേടിയിട്ടുണ്ട്. അല്ലയോ! മുനീർ അഹ്മദ് അസീം ! നിങ്ങളെ മുജദ്ദിദ് എന്നറിയപ്പെടും. നിങ്ങൾ ഈ മതത്തിന്റെ ശക്തി ആകുന്നു. അല്ലെയോ ! മുഹ്യിദ്ദീൻ ! നിങ്ങളുടെ സമുദ്രത്തിൽ നിന്നും ഒരു തുള്ളികിട്ടിയവൻ, അവൻ സുരക്ഷിതമായി ലക്ഷ്യം പ്രാപിക്കുന്നതാണ്. അല്ലെയോ ! മുനീർ അസീം! അല്ലെയോ മുഹ്യിദ്ദീൻ ! വലിമാർക്ക് നിന്നെ എപ്പോഴും ആവശ്യമുണ്ട് ! വിലായത്തു നിങ്ങളുടേതാണ്. നിങ്ങളാണത് വിതരണം ചെയ്യുന്നത്. അല്ലയോ മുഹ്യിദ്ദീൻ.......

നിങ്ങൾ ഭാഗ്യവാന്മാരാകുന്നു. ഈ നൂറ്റാണ്ടിലെ ഈ പരമമായ സത്യം സ്വീകരിക്കുവാനും അംഗീകരിക്കുവാനും അല്ലാഹു(ത) നിങ്ങളുടെ ഹൃദയം തുറന്നിരിക്കുന്നു. അല്ലാഹു(ത) അവന്റെ അനുഗ്രഹം

കൊണ്ട് നിങ്ങളെ പൊതിയട്ടെ! നിങ്ങളുടെ അന്ത്യശ്വാസംവരെയും ഈ നേർപാതയിൽ ഉറച്ചുനില്ക്കുവാൻ അല്ലാഹു(ത) സഹായിക്കട്ടെ!

ഇന്നത്തെയും നാളത്തെയും പ്രതീക്ഷ നിങ്ങളാകുന്നു. ഇൻശാ അല്ലാഹ്! നിങ്ങളിലൂടെ , നിങ്ങളുടെ സത്യസന്ധമായ പ്രയത്നങ്ങളിലൂടെ, ഈ ലോകത്തും നാളെപരലോകത്തും അല്ലാഹു(ത)യുടെ സ്നേഹഫലങ്ങൾ വിളയിച്ചെടുക്കുവാൻ സഹായിക്കട്ടെ! നമ്മുടെ എല്ലാവരുടെയും ലക്ഷ്യം അല്ലാഹുവിന്റെ സ്നേഹം ആർജ്ജിക്കുക എന്നതുമാത്രമാകുന്നു. ലോകത്തിന്റെ എല്ലാകോണുകളിലും അവന്റെ മഹത്വത്തിന്റെ വാർത്ത എത്തിക്കുക എന്നതാണ് ലക്ഷ്യം ! അല്ലാഹുവിനെ കുറിച്ച്, ദാഹമുള്ള ഹൃദയങ്ങൾ ദാഹശമനം കണ്ടെത്തുവാൻ, അല്ലാഹുവിനുവേണ്ടി, ഈ നൂറ്റാണ്ടിലെ ഈ ദൈവീക ഉറവിടത്തിലേക്ക് എത്തിച്ചേരുന്നതാണ്. അതായത് ദൈവീകദൃഷ്ടാന്തത്തിലൂടെയും, ദൈവീക നിർദ്ദേശപ്രകാരം ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ രൂപികരണത്തിലൂടെയും, അതിന്റെ തലപ്പത്ത് ഇതാ! അല്ലാഹുവിന്റെ ഖലീഫയും ! അല്ലാഹുവിന്റെ ദൂതൻ ! ഈ നൂറ്റാണ്ടിലേക്ക് അല്ലാഹു തെരഞ്ഞെടുത്ത വലിയ്യ് : അൽഹംദുലില്ലാഹ് ! നമുക്ക് അല്ലാഹുവിനെ കൂടുതലായി സ്തുതിക്കാം!

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*